ടാർ ചെയ്യുവാൻ റോഡ്.

*887. [39] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷത്തിൽ എത്ര മൈൽ റോഡ് ടാർ ചെയ്യുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ട് ;

(ബി) എവിടെയെല്ലാം ;

(സി) ഇരിഞ്ഞാലക്കുട നിയോജകമണ്ഡലത്തിൽപ്പെട്ട മാള ബസാർ റോഡും ഈ വർഷത്തിൽത്തന്നെ ടാർ ചെയ്യുന്നതിനുവേണ്ട ഏർപ്പാടുകൾ ചെയ്യുമോ ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) ഉദ്ദേശം 315 മൈൽ.

(ബി) ലിസ്റ്റ് † മേശപ്പുറത്തു വച്ചിട്ടുണ്ട്.

(സി) ഈ വർഷത്തെ പ്രോഗ്രാമിൽ ചേർത്തിട്ടില്ലാത്തതിനാൽ സാദ്ധ്യമല്ല.

കുഴൽക്കിണറുകളുടെ പണി.

*888. [42] ശ്രീ. പി കെ. യശോധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) കുഴൽക്കിണറു കുഴിക്കുന്നതിനു ആവശ്യമായ യന്ത്രോപകരണങ്ങൾ അമേരിക്കയിൽനിന്നു വന്നു ചേർന്നിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പണി തുടങ്ങാത്തതിനു കാരണമെന്തു് ;

(സി) കുഴിക്കുന്നതിനുള്ള സ്ഥലനിർണ്ണയം ചെയ്തുകഴിഞ്ഞോ;

(ഡി) ഉണ്ടെങ്കിൽ എവിടെയെല്ലാം ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) ഉണ്ടു്.

(ബി) പണി തുടങ്ങിക്കഴിഞ്ഞു.

(സി) കുറെ സ്ഥലങ്ങൾ നിർണ്ണയിച്ചു കഴിഞ്ഞു.

(ഡി) നിർണ്ണയിച്ചു കഴിഞ്ഞ സ്ഥലങ്ങളുടെ ലിസ്റ്റ് ‡ മേശമേൽ വച്ചിട്ടുണ്ടു്.

ട്രാൻസ്പോർട്ട് ബസ്സുകൾ വാങ്ങിയതിലുള്ള പരാതി.

*889. [43] ശ്രീ. പി. കെ. യശോധരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ട്രാൻസ്പോർട്ട് ബസ്സുകൾ വാങ്ങിയതു സംബന്ധിച്ചു് കഴിഞ്ഞ സമ്മേളനത്തിൽ ഉണ്ടായ പരാതിന്മേൽ എന്തു നടപടി സ്വീകരിച്ചു ;

(ബി) അന്നത്തെ ട്രാൻസ്പോർട്ട് ഡയറക്ടരുടെ സമാധാനം ലഭിച്ചോ ;

(സി) ലഭിച്ചിട്ടുണ്ടെങ്കിൽ അതൊന്നു വായിച്ചുമോ ?

† Please See Appendix XVII.

‡ Please See Appendix XVIII.

LIBRARY ARCHIVES Kerala Legislative Assembly

മരാമത്തുവകുപ്പു മന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ. ബി. സി.) ഇതു സംബന്ധിച്ചു് ആൻറി കറപ്ഷൻ ഡിപ്പാർമെൻറു മുഖേന നടത്തിയ അന്വേഷണ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും സമാധാനം വാങ്ങുകയുണ്ടായി. ഈ രേഖകളെല്ലാം ഇപ്പോൾ എൻകപയറി ഡിപ്പാർട്ടുമെൻറു സെക്രട്ടറിയുടെ ചർച്ചയിലിരിക്കുകയാണു്. സെക്രട്ടറിയുടെ റിപ്പോർട്ടു കിട്ടാതെ ഇതു സംബന്ധിച്ചു് കൂടുതൽ വിവരങ്ങൾ ഇപ്പോൾ പറയുക സാദ്ധ്യമല്ല.

ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിലെ വരവു്.

* 890. [50] ശ്രീ. ടി. ഓ. ബാവാ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്തെ ഗവണ്മെൻറു ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിൻെറ 1954–55-ലെ മൊത്തം വരവെത്ര ;

(ബി) ഓരോ ഡിസ്ട്രിക്ടിലും എന്തു വീതം വരവുണ്ടായിട്ടുണ്ടു് ;

(സി) ആലുവാ ഡിസ്ട്രിക്ടിൽ മാത്രം 1954-55-ലെ വരവെത്രയാണു്?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) രൂപ 1,63,04,444–2.10.

		രൂ.	ണ.	സ.
(ബി) (1)	തിരുവനന്തപുരം സെൻട്രൽ	35,89,841	9	9
(2)	തിരുവനന്തപുരം സിറ്റി	11,57,323	2	0
(3)	നാഗർകോവിൽ	19,54,274	11	3
(4)	കൊല്ലം	17,43,209	5	3
(5)	കൊട്ടാരക്കര	11,41,121	15	9
(6)	കോട്ടയം	18,92,526	3	9
(7)	ആലുവാ	17,45,627	0	3
(8)	എറണാകുളം ബസ്സ് സെക്ഷൻ	6,21,053	0	9
(9)	ആലപ്പുഴ	18,34,607	6	3
(10)	ഹെഡ് ആഫീസു്	1,91,770	2	0

LIBRARY ARCHIVES Kerala Legislative Assembly